**കേരള എക്സൈസ് വകുപ്പ്.**

**"മാതൃഭാഷ-മലയാളം"**

**ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം, തിരുവനന്തപുരം, കേരളം**

**(ഹാജർ :രാധാകൃഷ്ണൻ. B )**

വിഷയം : അബ്കാരി- 2025-26 വർഷത്തേക്ക് ദക്ഷിണ മേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/ പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺലൈൻ വില്പന /പുനർവില്പന നടപടികളുടെ സമയക്രമം നിജപ്പെടുത്തി ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം: 1. 06.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ 654/2023)

2. 04.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തീയതിയിലെ SRO നമ്പർ 942/2023)

3. 15.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ് (15.09.2023 തീയതിയിലെ SRO നമ്പർ 980/2023)

4. എക്സൈസ് കമ്മീഷണറുടെ 03.05.2025 തീയതിയിലെ EXC/855/2024-XA1-Part(4) നമ്പർ കത്ത്.

5. എക്സൈസ് കമ്മീഷണറുടെ 06.05.2025 തീയതിയിലെ EXC/855/2024-XA1-Part(4) നമ്പർ കത്ത്.

6.ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണരുടെ 03.05.2025 തീയതിയിലെ EXC-SZ/406/2023 നമ്പർ ഉത്തരവ്

**നമ്പർ. EXC-SZ/406/2023-SZ3 തീയതി: 08.05.2025**

മേൽ പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകളുടെയും പരാമർശം (4) മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2025-26 കാലയളവിലേക്ക് കള്ളുഷാപ്പുകളുടെ 100% റെന്റൽ തുകയുള്ള ഓൺലൈൻ വിൽപ്പന നടപടി സമയക്രമം നിജപ്പെടുത്തി സൂചന 6 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന 5 പ്രകാരം സമയക്രമം മാറ്റി മാർഗ നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന 6 ഉത്തരവ് റദ്ദുചെയ്തുകൊണ്ട് താഴെ പറയും പ്രകാരം സമയം പുനർക്രമീകരിക്കുന്നു. ആദ്യ നടപടിയായി പുതിയ അപേക്ഷകർക്ക് One Time Registration e-Toddy പോർട്ടൽ മുഖാന്തിരം **09.05.2025** മുതൽ **17.05.2025 അർദ്ധ രാത്രി 24.00 Hours** വരെ നടത്താവുന്നതാണ്. അതാത് ഡിവിഷനിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മാർ One Time Verification നടപടികൾ **21.05.2025** ന് പൂർത്തിയാക്കേണ്ടതാണ്. തുടർന്നു നടക്കേണ്ട കള്ളുഷാപ്പുകളുടെ അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നതുവരെ സ്വീകരിക്കേണ്ട നടപടികളുടെ സമയക്രമം താഴെപറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

**<u>അപേക്ഷ സമർപ്പിക്കൽ</u>**

One Time Registration വിജയകരമായി പൂർത്തിയാക്കിയവർ എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ **22.05.2025** തീയതി **00.00 മണി** മുതൽ **23.05.2025** തീയതി **അർദ്ധ രാത്രി 24.00 മണി** വരെ Online മുഖേന അപേക്ഷകൾ സമർപ്പിക്കാവുന്നതും, അതോടൊപ്പം ബന്ധപ്പെട്ട റെയിഞ്ച്/ഗ്രൂപ്പുകളുടെ Rental/Additional Rental എന്നിവ Online Payment ചെയ്യേണ്ടതുമാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**<u>സൂക്ഷ്മ പരിശോധന</u>**

അതാത് ഡിവിഷനിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ Online മുഖേന

ലഭ്യമായ എല്ലാ അപേക്ഷകളും **24.05.2025** തീയതിയിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശ ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>വിൽപ്പന നടപടികൾ</u>**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് Online Platform ലൂടെ സമർപ്പിക്കേണ്ടതാണ്.**26.05.2025** തീയതി രാവിലെ **11** മണി മുതൽ താഴെ പറഞ്ഞിരിക്കുന്ന ക്രമ പ്രകാരം ഗ്രൂപ്പ്/റേഞ്ച് അടിസ്ഥാനത്തിൽ Online ൽ കൂടി വിൽപ്പന നടത്തി വിജയിയെ താൽക്കാലിക വിജയി ആയി Online Platform ൽ കൂടി ജോയിന്റ് എക്സൈസ് കമ്മീഷണർ പ്രഖ്യാപിക്കുന്നതാണ്. ആയതിന്റെ ഡിവിഷൻ, റേഞ്ച്, വിൽപ്പന തീയതി എന്നിവ ചുവടെ ചേർത്ത് ക്രമീകരിച്ച് ഉത്തരവാകുന്നു. സാങ്കേ തികമായ കാരണങ്ങൾ മൂലം തടസ്സം ഉണ്ടായാൽ സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശ ഉത്തരവുകളിലും മാർഗ്ഗ നിർദ്ദേശങ്ങളിലും പറയുന്നവിധം താൽക്കാലിക വിജയിയെ പ്രഖ്യാപിക്കുന്ന നടപടി youtube (https://youtube.com/@SouthZoneExcise) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

**<u>തിരുവനന്തപുരം ഡിവിഷൻ</u>**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | തിരുവനന്തപുരം | III | 26.05.2025 |
| 2 | തിരുവനന്തപുരം | IV | 26.05.2025 |
| 3 | നെടുമങ്ങാട് | I | 26.05.2025 |
| 4 | ആര്യനാട് | I | 26.05.2025 |
| 5 | വാമനപുരം | II | 26.05.2025 |
| 6 | ചിറയിൻകീഴ് | I | 26.05.2025 |
| 7 | ചിറയിൻകീഴ് | II | 26.05.2025 |
| 8 | കിളിമാനൂർ | I | 26.05.2025 |
| 9 | വർക്കല | III | 26.05.2025 |
| 10 | കഴക്കൂട്ടം | I | 26.05.2025 |

**<u>കൊല്ലം ഡിവിഷൻ</u>**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | കൊല്ലം | II | 26.05.2025 |
| 2 | കൊല്ലം | V | 26.05.2025 |
| 3 | കൊല്ലം | VI | 26.05.2025 |
| 4 | കൊല്ലം | VIII | 26.05.2025 |
| 5 | ചടയമംഗലം | I | 26.05.2025 |
| 6 | ചടയമംഗലം | II | 26.05.2025 |
| 7 | ചടയമംഗലം | III | 26.05.2025 |
| 8 | ചടയമംഗലം | IV | 26.05.2025 |
| 9 | കൊട്ടാരക്കര | III | 26.05.2025 |
| 10 | കൊട്ടാരക്കര | IV | 26.05.2025 |
| 11 | പത്തനാപുരം | I | 26.05.2025 |
| 12 | പത്തനാപുരം | II | 26.05.2025 |
| 13 | പത്തനാപുരം | III | 26.05.2025 |
| | | | |

| | | | |
|---|---|---|---|
| 14 | ശാസ്താംകോട്ട | IV | 26.05.2025 |
| 15 | കരുനാഗപ്പള്ളി | I | 26.05.2025 |
| 16 | കരുനാഗപ്പള്ളി | V | 26.05.2025 |

**ആലപ്പുഴ ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | ആലപ്പുഴ | XVI | 26.05.2025 |
| 2 | കുട്ടനാട് | V | 26.05.2025 |
| 3 | കുട്ടനാട് | VII | 26.05.2025 |
| 4 | കുട്ടനാട് | X | 26.05.2025 |
| 5 | കുട്ടനാട് | XVI | 26.05.2025 |

**പത്തനംതിട്ട ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | പത്തനംതിട്ട | I | 26.05.2025 |
| 2 | പത്തനംതിട്ട | III | 26.05.2025 |
| 3 | തിരുവല്ല | I | 26.05.2025 |
| 4 | തിരുവല്ല | III | 26.05.2025 |
| 5 | തിരുവല്ല | IV | 26.05.2025 |

**കോട്ടയം ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് | തീയതി |
|---|---|---|---|
| 1 | ചങ്ങനാശേരി | II | 26.05.2025 |
| 2 | ചങ്ങനാശേരി | V | 26.05.2025 |
| 3 | ഏറ്റുമാനൂർ | II | 26.05.2025 |
| 4 | ഏറ്റുമാനൂർ | III | 26.05.2025 |
| 5 | കടുത്തുരുത്തി | I | 26.05.2025 |
| 6 | കടുത്തുരുത്തി | V | 26.05.2025 |
| 7 | എരുമേലി | V | 26.05.2025 |

Signed by
Radhakrishnan B
Date: 08-05-2025 12:16:02

ജോയിന്റ് എക്സൈസ് കമ്മീഷണർ,
ദക്ഷിണ മേഖല, തിരുവനന്തപുരം

പകർപ്പ്: 1.എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)
2.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം)
(ടി ഉത്തരവ് വർത്തമാന പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് , ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)

3.എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
(നടപടിക്രമം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4.ഉത്തരവ് ഫയൽ / കരുതൽ ഫയൽ

## മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം

(ഹാജർ: മജ്ജു. ടി. എം (അധിക ചുമതല)

വിഷയം :-അബ്കാരി:-2023-26 വർഷത്തെ മദ്ധ്യമേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/ പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺ ലൈൻ വിൽപ്പന/പുനർവിൽപ്പന സംബന്ധിച്ച് നടപടികളുടെ സമയക്രമം ക്രമപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :- 1. 06.06.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ: 654/2023)
2. 04.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)
3. 15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ്.
4. എക്സൈസ് കമ്മീഷണറുടെ 03.05.2025, 06.05.2035 തിയതികളിലെ EXC/855/2024-XA1 (Part4) നമ്പർ കത്തുകൾ.
5. ഈ ഓഫീസിലെ 03.05.2025 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ JECCZ/677/2022-CZ3 തിയതി 07.05.2025

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ളതുമായ കള്ളുഷാപ്പുകളുടെ വിൽപ്പന/ പുനർവിൽപ്പനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം സംബന്ധിച്ച് മേൽ സൂചന 5 പ്രകാരമുള്ള ഉത്തരവിലെ നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരം പുനക്രമീകരിച്ച് ഉത്തരവാകുന്നു.

One Time Registration

കള്ളുഷാപ്പ് വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ പ്ലാറ്റ്ഫോം ആയ സർവീസ് പ്ലസിൽ "etoddy" മുഖേന One Time Registration നടത്തുവാനോ, പുതുക്കുവാനോ 09.05.2025 തിയതി മുതൽ 17.05.2025 വരെ സാധിക്കുന്നതാണ്. 21.05.205 ന വേരിഫിക്കേഷൻ നടപടികൾ അവസാനിക്കുന്നതാണ്.

**അപേക്ഷ സമർപ്പിക്കൽ**

"One Time Registration" നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 22.05.2025 മുതൽ 23.05.2025 തീയതി വരെ "online" മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം റേഞ്ച്/ഗ്രൂപ്പ് കളുടെ പുതുക്കിയ നിരക്കിലുള്ള

"Rental and Additional Rental" എന്നിവ "online payment" ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സൂക്ഷ്മ പരിശോധന**

എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 24.05.2025 തിയതി ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിൽപ്പന നടപടികൾ**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 26.05.2025 തിയതിയിൽ രാവിലെ 11 AM ന ആരംഭിച്ച് ഗ്രൂപ്പ്/റേഞ്ച് അടിസ്ഥാനത്തിൽ (നോട്ടിഫിക്കേഷൻ പ്രകാരം) online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. ആയതിന്റെ സമയക്രമം/ദിവസം ചുവടെ ചേർത്ത് ക്രമീകരിച്ച് കൊണ്ടും ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗ നിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (https://youtube.com/@CentralZoneExcise) (ലിങ്ക് etoddy വെബ്സൈറ്റിൽ ലഭ്യമാണ് ) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

**എറണാകുളം ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | മട്ടാഞ്ചേരി | I | 23.05.2025 |
| 2 | മട്ടാഞ്ചേരി | II | 23.05.2025 |
| 3 | ഞാറയ്ക്കൽ | I | 23.05.2025 |
| 4 | ഞാറയ്ക്കൽ | III | 23.05.2025 |
| 5 | ഞാറയ്ക്കൽ | V | 23.05.2025 |
| 6 | ആലുവ | 1 | 23.05.2025 |
| 7 | ആലുവ | V | 23.05.2025 |
| 8 | ആലുവ | IV | 23.05.2025 |
| 9 | പറവൂർ | IV | 23.05.2025 |
| 10 | പെരുമ്പാവൂർ | V | 23.05.2025 |

| | | | |
|---|---|---|---|
| 11 | പിറവം | II | 23.05.2025 |
| 12 | പിറവം | VIII | 23.05.2025 |

## തൃശ്ശൂർ ഡിവിഷൻ

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൃശ്ശൂർ | റേഞ്ച് | 23.05.2025 |
| 2 | ഇരിങ്ങാലക്കുട | IV | 23.05.2025 |
| 3 | ഇരിങ്ങാലക്കുട | VII | 23.05.2025 |
| 4 | ഇരിങ്ങാലക്കുട | X | 23.05.2025 |
| 5 | ഇരിങ്ങാലക്കുട | XI | 23.05.2025 |

## പാലക്കാട് ഡിവിഷൻ

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൃത്താല | III | 23.03.2025 |
| 2 | തൃത്താല | XII | 23.03.2025 |
| 3 | പാലക്കാട് | XII | 23.03.2025 |
| 4 | ഒറ്റപ്പാലം | I | 23.03.2025 |
| 5 | നെന്മാറ | VII | 23.03.2025 |
| 6 | ചിറ്റൂർ | I | 23.03.2025 |
| 7 | ചിറ്റൂർ | XV | 23.03.2025 |

എറണാകുളം ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ജിജോയ്, ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ് ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.

ജോയിന്റ് എക്സൈസ് കമ്മീഷണർ (അധിക ചുമതല)
മദ്ധ്യമേഖല, എറണാകുളം

എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എറണാകുളം, തൃശ്ശൂർ, പാലക്കാട്)
(ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)
എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
(നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഉത്തരവ് ഫയൽ / കരുതൽ ഫയൽ

# കോഴിക്കോട് ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ: ഷാജി.കെ.എസ്.)

**വിഷയം:-** **അബ്കാരി- 2023-26 കാലയളവിലെ വിൽപ്പന നടക്കാത്തതും, റദ്ദ് ചെയ്തതുമായ ഉത്തരമേഖലയിലെ കള്ളുഷാപ്പുകളുടെ 11-ാം ഘട്ട ഇ-ടോഡി വിൽപ്പന സംബന്ധിച്ച നടപടികളുടെ പുതുക്കിയ സമയക്രമം നിജപ്പെടുത്തി - ഉത്തരവാകുന്നത് - സംബന്ധിച്ച്.**

**പരാമർശം:-**

1) **06-06-2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023 നികുതി വകുപ്പ് (SRO-654/2023).**
2) **GO(P) No. 115/2023/Taxes, dated 4-9-23 (SRO-942/2023, dated 5-9-23).**
3) **GO(P) No. 126/2023/Taxes, dated 15-09-23.**
4) **എക്സൈസ് കമ്മീഷണറുടെ 06-05-2025 ലെ EXC/855/2024-XA1 (Part 4) നമ്പർ കത്ത്.**
5) **ഈ ഓഫീസിലെ 3-5-25, 4-5-25 തിയ്യതികളിലെ ഇതേ നമ്പർ ഉത്തരവ്.**

## ഉത്തരവ് നമ്പർ JECNZ- 376/2024/B തിയ്യതി 06-05-2025

മേൽ പരാമർശം (1)(2)(3) സർക്കാർ ഉത്തരവുകളുടേയും പരാമർശം (4) മാർഗനിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 2023-26 കാലയളവിലേക്ക് വില്പന നടക്കാത്തതും, പ്രിവിലേജ് റദ്ദ് ചെയ്തതുമായ ഉത്തരമേഖലയിലെ എക്സൈസ് ഡിവിഷനുകളിലെ കള്ള്ഷാപ്പുകളുടെ വില്പന/പുനർ വിൽപനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടികളുടെ സമയക്രമം സൂചന (5) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്യുകയും, പുതുക്കിയ സമയക്രമം താഴെപറയും പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

### One time registration

കള്ളുഷാപ്പ് വിൽപ്പനയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ പ്ലാറ്റ്ഫോം ആയ സർവ്വീസ് പ്ലസ്സിൽ "etoddy" മുഖേന One Time Registration നടത്തുവാനോ, പുതുക്കുവാനോ **09-05-2025 തിയ്യതി മുതൽ 17-05-2025 വരെ** സാധിക്കുന്നതാണ്. **21-05-2025** നു വേരിഫിക്കേഷൻ നടപടികൾ അവസാനിക്കുന്നതാണ്.

### അപേക്ഷ സമർപ്പിക്കൽ

One time registration നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റെയിഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ **22-05-2025 മുതൽ 23-05-2025** തീയ്യതി വരെ Online അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഗ്രൂപ്പ്/റെയിഞ്ചുകളുടെ പുതുക്കിയ നിരക്കിലുള്ള റെന്റൽ, അഡീഷണൽ റെന്റൽ എന്നിവ ഓൺലൈൻ പെയ്മെന്റ് ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയപരിധിക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

### സൂക്ഷ്മ പരിശോധന

വില്പന നടക്കുന്ന ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിലെ ഓൺലൈൻ മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും **24-05-25** ന് മുമ്പായി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടേയും, മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### വില്പന നടപടികൾ

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് ഓൺലൈൻ പ്ലാറ്റഫോമിലുടെ സമർപ്പിക്കേണ്ടതാണ്.

**26-05-2025 തീയതി 11.00 A.M ന്** ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിൽപ്പന ആരംഭിച്ച് (നോട്ടിഫിക്കേഷൻ പ്രകാരം) ഓൺലൈൻ മുഖേന വില്പന വിജയിയെ ജോയിന്റ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. ആയതിന്റെ സമയക്രമം/ ദിവസം ചുവടെ ചേർക്കുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വില്പന നടപടികളിൽ തടസമുണ്ടായാൽ സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗനിർദ്ദേശങ്ങളിലും പറയുംവിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (http://youtube.com@NorthZoneExcise) ൽ കൂടി വീക്ഷിക്കാവുന്നതാണ്. ആയതിന്റെ ലിങ്ക് "etoddy" വെബ് സൈറ്റിൽ ലഭ്യമാണ്.

| ക്രമ നം. | ഡിവിഷൻ | റെയിഞ്ച് | ഗ്രൂപ്പുകളുടെ നമ്പർ | തിയ്യതി |
|---|---|---|---|---|
| 1. | മലപ്പുറം | മലപ്പുറം | II, III | 26-05-2025 |
| | | കാളികാവ് | II, VI | |
| | | തിരൂർ | II, III | |
| | | കുറ്റിപ്പുറം | II | |
| 2. | വയനാട് | കൽപ്പറ്റ | II | |
| 3. | കണ്ണൂർ | ഇരിട്ടി | III | |
| 4. | കോഴിക്കോട് | കുന്ദമംഗലം | I | |
| | | താമരശ്ശേരി | III, V, VI | |
| | | ബാലുശ്ശേരി | I, II, VI | |
| | | നാദാപുരം | III | |

കോഴിക്കോട് എക്സൈസ് റെയിഞ്ച് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ഷിബിൻ.എസ്, കോഴിക്കോട് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. റിഷിത്ത് കുമാർ.ടി.വി എന്നീ ഉദ്യോഗസ്ഥർ ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ്ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതാണ്.

–

**ജോയിന്റ് എക്സൈസ് കമ്മീഷണർ**
**ഉത്തരമേഖല, കോഴിക്കോട്.**

**പകർപ്പ് സമർപ്പിക്കുന്നത് :**

എക്സൈസ് കമ്മീഷണർ (ഉ.പ. സഹിതം)

**പകർപ്പ്:**

1. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എല്ലാം - ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലേയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്.
2. ഇൻസ്പെക്ടർ (ഐ.ടി. സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)- നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
3. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, കോഴിക്കോട്
4. എക്സൈസ് ഇൻസ്പെക്ടർ, കോഴിക്കോട്.
5. ഉത്തരവ് ഫയൽ/കരുതൽ ഫയൽ.

*Mkt/06-05-25/C2*

കേരള എക്സൈസ് വകുപ്പ്.

"മാതൃഭാഷ-മലയാളം"

## മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം

(ഹാജർ: അശോക് കുമാർ. എൻ)

വിഷയം : അബ്കാരി:-2023-26 വർഷത്തെ മദ്ധ്യമേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/ പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺ ലൈൻ വിൽപ്പന/പുനർവിൽപ്പന സംബന്ധിച്ച് നടപടികളുടെ സമയക്രമം പുനക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 06.06.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ: 654/2023)

2. 04.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)

3. 15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ്.

4. എക്സൈസ് കമ്മീഷണറുടെ 03.05.2025, 06.05.2035 തിയതികളിലെ EXC/855/2024-XA1 (Part4) നമ്പർ കത്തുകൾ.

5. ഈ ഓഫീസിലെ 03.05.2025, 07.05.2025 തിയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ

നമ്പർ. JECCZ/677/2022-CZ3 തീയതി: 14.05.2025

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ളതുമായ കള്ളുഷാപ്പുകളുടെ വിൽപ്പന/ പുനർവിൽപ്പനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം സംബന്ധിച്ച് മേൽ സൂചന 5 പ്രകാരമുള്ള ഉത്തരവിലെ നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരം പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

One Time Registration

കള്ളുഷാപ്പ് വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ പ്ലാറ്റ്ഫോം ആയ സർവീസ് പ്ലസിൽ "etoddy" മുഖേന One Time Registration നടത്തുവാനോ, പുതുക്കുവാനോ 09.05.2025 തിയതി മുതൽ 17.05.2025 വരെ സാധിക്കുന്നതാണ്. 21.05.205 ന വേരിഫിക്കേഷൻ നടപടികൾ അവസാനിക്കുന്നതാണ്.

**അപേക്ഷ സമർപ്പിക്കൽ**

"One Time Registration" നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 22.05.2025 മുതൽ 23.05.2025 തീയതി വരെ "online" മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം റേഞ്ച്/ഗ്രൂപ്പ്

കളുടെ പുതുക്കിയ നിരക്കിലുള്ള "Rental and Additional Rental" എന്നിവ "online payment" ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**<u>സൂക്ഷ്മ പരിശോധന</u>**

എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 24.05.2025 തിയതി ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>വിൽപ്പന നടപടികൾ</u>**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 26.05.2025 തിയതിയിൽ രാവിലെ 11 AM ന ആരംഭിച്ച് ഗ്രൂപ്പ്/റേഞ്ച് അടിസ്ഥാനത്തിൽ (നോട്ടിഫിക്കേഷൻ പ്രകാരം) online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. ആയതിന്റെ സമയക്രമം/ദിവസം ചുവടെ ചേർത്ത് ക്രമീകരിച്ച് കൊണ്ടും ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗ നിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (https://youtube.com/@CentralZoneExcise) (ലിങ്ക് etoddy വെബ്സൈറ്റിൽ ലഭ്യമാണ്) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

**<u>എറണാകുളം ഡിവിഷൻ</u>**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | മട്ടാഞ്ചേരി | I | 26.05.2025 |
| 2 | മട്ടാഞ്ചേരി | II | 26.05.2025 |
| 3 | ഞാറയ്ക്കൽ | I | 26.05.2025 |
| 4 | ഞാറയ്ക്കൽ | III | 26.05.2025 |
| 5 | ഞാറയ്ക്കൽ | V | 26.05.2025 |
| 6 | ആലുവ | I | 26.05.2025 |
| 7 | ആലുവ | IV | 26.05.2025 |
| 8 | ആലുവ | V | 26.05.2025 |
| 9 | പറവൂർ | IV | 26.05.2025 |
| 10 | പെരുമ്പാവൂർ | V | 26.05.2025 |
| 11 | പിറവം | II | 26.05.2025 |
| 12 | പിറവം | VIII | 26.05.2025 |

**തൃശ്ശൂർ ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൃശ്ശൂർ | റേഞ്ച് | 26.05.2025 |
| 2 | ഇരിങ്ങാലക്കുട | IV | 26.05.2025 |
| 3 | ഇരിങ്ങാലക്കുട | VII | 26.05.2025 |
| 4 | ഇരിങ്ങാലക്കുട | X | 26.05.2025 |
| 5 | ഇരിങ്ങാലക്കുട | XI | 26.05.2025 |

**പാലക്കാട് ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൃത്താല | III | 26.05.2025 |
| 2 | തൃത്താല | XII | 26.05.2025 |
| 3 | പാലക്കാട് | XII | 26.05.2025 |
| 4 | ഒറ്റപ്പാലം | I | 26.05.2025 |
| 5 | നെന്മാറ | VII | 26.05.2025 |
| 6 | ചിറ്റൂർ | I | 26.05.2025 |
| 7 | ചിറ്റൂർ | XV | 26.05.2025 |

എറണാകുളം ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ജിജോയ്, ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ് ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്

Signed by
Ashok Kumar N
Date: 15-05-2025 17:04:26

ASHOK KUMAR N
JOINT EXCISE COMMISSIONER

ഗ്രാഹകൻ: എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)

പകർപ്പ്: ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എറണാകുളം, തൃശ്ശൂർ, പാലക്കാട്)
(ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)
എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
(നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഉത്തരവ് ഫയൽ / കരുതൽ ഫയൽ